# കേരള സർവകലാശാല

നം.പി.ആർ.219/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പ്രത്യേക പത്രക്കുറിപ്പ്

## കേരള സർവകലാശാല ഗവേഷണ ചട്ടങ്ങൾക്കെതിരെ സമർപ്പിച്ച ഒമ്പത് ഹർജികളും ഹൈക്കോടതി തള്ളി

യു.ജി.സി മാനദണ്ഡങ്ങൾക്ക് അനുസൃതമായി കേരള സർവകലാശാല തയ്യാറാക്കിയ ഡോക്ടറൽതല ഗവേഷണത്തിനുള്ള ചട്ടങ്ങളും മാർഗ്ഗ രേഖകളും ഹൈക്കോടതി പൂർണ്ണമായും ശരിവെച്ചു. ഇതിനെതിരെ സമർപ്പിച്ച ഒമ്പത് ഹർജികളും തള്ളിക്കൊണ്ടുള്ള വിധി ജസ്റ്റിസ് എ.എം ഷഫീക്ക് പ്രസ്താവിച്ചു.

റഗുലർ അദ്ധ്യാപകരെ മാത്രം ഗവേഷണ ഗൈഡുകളാക്കാനും ഒരു ഗൈഡിന്റെ കീഴിലുള്ള ഗവേഷണ വിദ്യാർത്ഥികളുടെ എണ്ണം എട്ടായി പരിമിതപ്പെടുത്താനുമുള്ള 2009-ലെ യു.ജി.സി മാനദണ്ഡങ്ങൾ 2015-ൽ നടപ്പിലാക്കിയ സർവകലാശാലയുടെ തീരുമാനമാണ് ഹർജിക്കാർ ചോദ്യം ചെയ്തത്. ഇതിനായി വൈസ് ചാൻസലർ പുറപ്പെടുവിച്ച ഉത്തരവും തൽസംബന്ധമായ രേഖകളും അക്ഷരംപ്രതി ശരിയാണെന്നാണ് ഹൈക്കോടതി കണ്ടെത്തിയിരിക്കുന്നത്. 2009-ലെ യു.ജി.സി ചട്ടങ്ങൾ നടപ്പിലാക്കുന്നതിൽ അമാന്തം കാണിച്ചാൽ സർവകലാശാലയെ കരിമ്പട്ടികയിൽപ്പെടുത്തുമെന്നും ഗവേഷണ ബിരുദങ്ങളുടെ അംഗീകാരം റദ്ദാക്കുമെന്നും യു.ജി.സിയിൽ നിന്നും അന്തിമശാസനം ലഭിച്ചിരുന്നു. ഒപ്പം യു.ജി.സി മാനദണ്ഡങ്ങൾ ഭാരത സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്താൽ അത് നടപ്പിലാക്കാൻ അംഗീകൃത സർവകലാശാലകൾക്ക് ബാദ്ധ്യതയുണ്ടെന്ന സുപ്രീംകോടതി വിധിയും 2015-ൽ ഉണ്ടായി. ഈ സാഹചര്യത്തിലാണ് ഗത്യന്തരമില്ലാതെ വൈസ് ചാൻസലർ സർവകലാശാലയുടേയും വിദ്യാർത്ഥികളുടെയും നന്മയ്ക്കായി യു.ജി.സി ചട്ടങ്ങൾക്ക് അനുസൃതമായ ഉത്തരവ് പുറപ്പെടുവിച്ചതെന്നും ഹൈക്കോടതി വിധിയിൽ ചൂണ്ടിക്കാട്ടി. നിലവിലുള്ള ഗവേഷണ വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ നഷ്ടപ്പെടാതിരിക്കാൻ റിട്ടയർ ചെയ്ത അദ്ധ്യാപക ഗൈഡുകളെ സഹമാർഗ്ഗദർശികളാക്കി മറ്റൊരു റഗുലർ അദ്ധ്യാപക ഗൈഡിനെ നിയമിക്കാനുള്ള വൈസ് ചാൻസലറുടെ നടപടിയും ഹൈക്കോടതി ശരിവെച്ചു. ഈ തീരുമാനം വിദ്യാർത്ഥികളെ സഹായിക്കുന്നതിനുവേണ്ടിയുള്ളതാണ് എന്ന് ഹർജിക്കാർ തിരിച്ചറിയാതിരുന്നതിനെ വിധിന്യായത്തിൽ വിമർശിക്കുകയും ചെയ്തു.

തികച്ചും അനിവാര്യമായ ഘട്ടത്തിൽ വൈസ് ചാൻസലർ തയ്യാറാക്കിയ ചട്ടങ്ങളിലും മാർഗ്ഗ രേഖകളിലും ഇളവ് അനുവദിക്കാമെന്നും എന്നാൽ അത്തരം ഇളവുകൾക്ക് ഓരോന്നിനും യു.ജി.സിയുടെ മുൻകൂർ അനുമതി വാങ്ങിയിരിക്കണമെന്നും ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

യു.ജി.സി റഗുലേഷനുകൾ യുക്തിഭദ്രമായി നടപ്പിലാക്കിയ തന്നെ ഒറ്റപ്പെടുത്തി വാർത്താ ചാനലുകളിലും പത്രപ്രസ്താവനകളിലും വ്യക്തിഹത്യ നടത്തിയവർക്ക് ചുട്ട മറുപടിയാണ് ഹൈക്കോടതി വിധിയെന്ന് വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു. ഇനിയെങ്കിലും വസ്തുതകൾ മനസ്സിലാക്കി

മാത്രമേ സർവകലാശാല പ്രവർത്തനത്തിനെതിരെ ഉത്തരവാദിത്തപ്പെട്ടവർ ആക്ഷേപങ്ങൾ ഉയർത്താവൂയെന്നും അദ്ദേഹം അറിയിച്ചു.

## സിൻഡിക്കേറ്റ് വാർത്തകൾ

### പി.എച്ച്.ഡി നൽകും

കേരള സർവകലാശാല ദീപ സതീശൻ (അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ്), ടോണി ജോർജ്ജ് തോമസ്, ആൽബിഷ് കെ. പോൾ (കെമിസ്ട്രി), നിസ എം (ഫിസിക്കൽ എഡ്യൂക്കേഷൻ), ശ്രീകുമാർ എസ്.എൽ (പൊളിറ്റിക്കൽ സയൻസ്), മുഹമ്മദ് എ (ലിംഗ്വിസ്റ്റിക്സ്), വിഷ്ണു നായർ (സുവോളജി), സുരേഷ് കുമാർ ആർ, സനീഷ് ബാബു പി.എസ് (ബയോടെക്നോളജി), ശ്രീകല എ, ഷഹാബ് ഷോഗി ബേഗി (കൊമേഴ്സ്), രമ്യ ആർ, നിഷി സി.ആർ, ഷബാന ഹബീബ് (ഹിന്ദി), ഗീത എസ് (ഇലക്ട്രിക്കൽ എൻജിനീയറിംഗ്), ആശ ആർ (ബയോകെമിസ്ട്രി), സബിത സോമൻ (എൻവയോണമെന്റൽ സയൻസ്), അരുൺ എസ് (മാനേജ്മെന്റ് സ്റ്റഡീസ്), മേഹ്സാന ആർ.എസ് (ഫിലോസഫി), മഹേഷ് കുമാർ ആർ (തമിഴ്) എന്നിവർക്ക് പി.എച്ച്.ഡി നൽകാൻ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

### എം.ഫിൽ പ്രവേശനം

കേരള സർവകലാശാലയുടെ ബയോഇൻഫർമാറ്റിക്സ്, ബോട്ടണി, ഇക്കണോമിക്സ്, ഇംഗ്ലീഷ്, ഹിസ്റ്ററി, മാനേജ്മെന്റ്, മാനുസ്ക്രിപ്റ്റോളജി, ഫിസിക്സ്, സംസ്കൃതം, തമിഴ് എന്നീ പഠനവകുപ്പുകളിൽ എം.ഫിൽ (2016–17) പ്രോഗ്രാമിലേക്കുള്ള ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനം നവംബർ 23 രാവിലെ 10.30–ന് നടത്തും. പ്രവേശനത്തിന് തിരഞ്ഞെടുത്തിട്ടുള്ളവർ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് ലോഗിൻ ചെയ്ത് കിട്ടുന്ന ഹോം പേജിൽ നിന്നും അഡ്മിഷൻ മെമ്മോ ഡൗൺലോഡ് ചെയ്യണം. പ്രവേശനത്തിന് തിരഞ്ഞെടുത്തിട്ടുള്ളവർക്ക് എസ്.എം.എസ് അയച്ചിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന രേഖകളുമായി നിർദ്ദേശിച്ചിട്ടുള്ള വകുപ്പിൽ കൃത്യസമയത്ത് ഹാജരാകണം.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഹിസ്റ്ററി, അറബിക് പഠനവകുപ്പുകളിൽ എം.ഫിൽ (2016–17) പ്രോഗ്രാമിലേക്കുള്ള ഒഴിവുള്ള സീറ്റുകളിലേക്കുള്ള പ്രവേശനം നവംബർ 24 രാവിലെ 10.30–ന് നടത്തും. പ്രവേശനത്തിന് തിരഞ്ഞെടുത്തിട്ടുള്ളവർ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റ് ലോഗിൻ ചെയ്തി കിട്ടുന്ന ഹോം പേജിൽ നിന്നും അഡ്മിഷൻ മെമ്മോ ഡൗൺലോഡ് ചെയ്യണം. പ്രവേശനത്തിന് തിരഞ്ഞെടുത്തിട്ടുള്ളവർക്ക് എസ്.എം.എസ് അയച്ചിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന രേഖകളുമായി നിർദ്ദേശിച്ചിട്ടുള്ള വകുപ്പിൽ കൃത്യസമയത്ത് ഹാജരാകണം.

### എം.ഫിൽ സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം ബയോഇൻഫർമാറ്റിക്സ് പഠനവകുപ്പിലെ എം.ഫിൽ പ്രോഗ്രാമിൽ എസ്.സി/എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താൽപര്യമുള്ള എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ടവർ നവംബർ 23 രാവിലെ

10.30–ന് മേൽപ്പറഞ്ഞ പഠനവകുപ്പുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഹിന്ദി, അറബിക് പഠനവകുപ്പുകളിൽ എം.ഫിൽ (2016–17) പ്രോഗ്രാമിൽ എസ്.ടി വിഭാഗത്തിൽ ഓരോ സീറ്റ് ഒഴിവുണ്ട്. താൽപര്യമുള്ള എസ്.ടി വിഭാഗത്തിൽപ്പെട്ടവർ നവംബർ 24 രാവിലെ 10.30–ന് മേൽപ്പറഞ്ഞ പഠനവകുപ്പുകളിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## സീറ്റൊഴിവ്

കേരള സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് പഠനവകുപ്പിൽ എം.ഫിൽ ഇംഗ്ലീഷ് (2016–17 സി.എസ്.എസ്) എസ്.സി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ നവംബർ 23 രാവിലെ 10.30–ന് പാളയം സെനറ്റ് ഹൗസ് കാമ്പസിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## ബി.എ ഇംഗ്ലീഷ് വൈവ

കേരള സർവകലാശാല ബി.എ ഇംഗ്ലീഷ് (ആന്വൽ സ്കീം – സപ്ലിമെന്ററി) പരീക്ഷയുടെ വൈവ പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ഡിസംബർ അഞ്ച്, ആറ് തീയതികളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എഡ് പരിക്ഷ : പുതുക്കിയ ടൈംടേബിൾ

കേരള സർവകലാശാല നവംബർ 21–ന് തുടങ്ങുന്ന ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് സെമസ്റ്റർ ബി.പി.എഡ് പരിക്ഷകൾ നവംബർ 28 മുതൽ തുടങ്ങും. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
19.11.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098